I. ഇ.ബി. XV-കേരള നിയമസഭ/XIII-16

**പതിനഞ്ചാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2025 മാർച്ച് 17, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

## I **നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം**

നെല്ല് സംഭരണം

മി. സ്പീക്കർ: കുട്ടനാട്ടിലെയും പരിസര പ്രദേശങ്ങളിലെയും മില്ലുടമകൾ നെല്ല് സംഭരണത്തിൽനിന്നും പിന്മാറുന്നത് തടയാൻ സർക്കാർ പരാജയപ്പെട്ടതുമൂലം ദിവസങ്ങളായി പാടശേഖരങ്ങളിൽ നെല്ല് കെട്ടിക്കിടക്കുന്നതായി പറയപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിനായി സഭാനടപടികൾ നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ട്

സർവശ്രീ അനൂപ് ജേക്കബ്, മഞ്ഞളാംകുഴി അലി, മോൻസ് ജോസഫ്, സി. ആർ. മഹേഷ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് നിരവധി പ്രശ്നങ്ങളാണ് ഉയർന്നുവരുന്നത്. ഗുണനിലവാര പരിശോധനയില്ലാതെയും കിഴിവില്ലാതെയും ഉൽപാദിപ്പിച്ച മുഴുവൻ നെല്ലും സംഭരിക്കണമെന്ന കർഷകരുടെ ആവശ്യം മില്ലുടമകൾ അംഗീകരിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. ഗുണനിലവാര പരിശോധനയുടെ അടിസ്ഥാനത്തിൽ കിഴിവ് ആവശ്യപ്പെടുന്ന സമീപനമാണ് മില്ലുടമകൾ സ്വീകരിക്കുന്നത്. 100 കിലോ നെല്ലിൽനിന്നും 68 കിലോ അരി സർക്കാരിലേക്ക് അവർ നൽകേണ്ടതുണ്ട്. സർക്കാർ വീണ്ടും അരിയുടെ ഗുണനിലവാര പരിശോധന നടത്തിയതിനുശേഷം മാത്രമേ പൊതുവിതരണത്തിനായി ലഭ്യമാക്കുകയുള്ളൂ. നടപ്പുസംഭരണവർഷം ശേഖരിച്ച നെല്ലിന്റെ ഇനത്തിൽ 203.82 കോടി രൂപ മാത്രമേ ഇനി കർഷകർക്ക് നൽകാനുള്ളൂ. നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് കർഷകർ നേരിട്ടിരുന്ന എല്ലാ പ്രശ്നങ്ങളും ചർച്ചകളിലൂടെ പരിഹരിച്ചിട്ടുണ്ട്. വികേന്ദ്രീകൃത നെല്ല് സംഭരണ പദ്ധതിപ്രകാരം കർഷകരിൽനിന്നും

ശേഖരിക്കുന്ന നെല്ലിന്റെ ഗുണനിലവാരവുമായി ബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റ് മുന്നോട്ടുവച്ചിട്ടുള്ള നിർദേശങ്ങൾ പാലിച്ചുകൊണ്ടുമാത്രമെ നെല്ല് സംഭരിക്കാൻ സർക്കാരിന് സാധിക്കുകയുള്ളൂ. പ്രസ്തുത വിഷയങ്ങൾ ബന്ധപ്പെട്ട വകുപ്പുമന്ത്രിമാരുടെയും കർഷക സംഘടനകളുടെയും സാന്നിധ്യത്തിൽ ചർച്ച ചെയ്യുകയും ആവശ്യമായ നടപടി സ്വീകരിക്കാൻ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കോട്ടയം ജില്ലയിലെ ജെ ബ്ലോക്കിലെ നെല്ല് സംഭരണത്തിൽ  കർഷകരും മില്ലുടമകളും തമ്മിലുള്ള പിടിവാശിയാണ് പ്രശ്നം സങ്കീർണ്ണമാക്കിയത്. കർഷകർക്ക് 2024 ഡിസംബർ 28 വരെ നൽകാനുള്ള കുടിശ്ശിക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

<u>ശ്രീ. അനൂപ് ജേക്കബ്</u>: നെല്ല് സംഭരണത്തിലെ അപാകതമൂലം സംസ്ഥാനത്തെ നെൽ കർഷകർ വലിയ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. കോട്ടയം ജില്ലയിലെ ജെ ബ്ലോക്കിലുൾപ്പെടെ സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും കെട്ടിക്കിടക്കുന്ന നെല്ല് സംഭരിക്കുന്നതിനുള്ള  യാതൊരു നടപടിയും സർക്കാർ സ്വീകരിക്കുന്നില്ല. രണ്ട് ശതമാനം കിഴിവ് കർഷകരുടെമേൽ അടിച്ചേല്പിച്ചുകൊണ്ട് ഇന്നലെമുതൽ സംഭരണം ആരംഭിച്ചിരിക്കുകയാണ്. സർക്കാരിന്റെ

കർഷകവിരുദ്ധ നയങ്ങൾമൂലം കൃഷി ഭൂമിയുടെ വിസ്തൃതിയിലും ഉൽപാദനത്തിലും ഗണ്യമായ കുറവുണ്ടാവുകയും കാർഷിക മേഖലയിൽനിന്നും കർഷകർ പിൻവാങ്ങുന്ന സാഹചര്യമുണ്ടാവുകയുമാണ്. കേന്ദ്ര ഗവൺമെന്റ് നെല്ലിന്റെ താങ്ങുവില കാലോചിതമായി വർധിപ്പിക്കുമ്പോഴും സംസ്ഥാനം അതിനാനുപാതികമായി വർധനവ് വരുത്താൻ തയ്യാറാകുന്നില്ല. നിലവിലുള്ള ഹാൻഡ്‌ലിങ് ചാർജ് വർധിപ്പിക്കേണ്ടതുണ്ട്. നെല്ലിന്റെ ഉൽപാദനച്ചെലവ് ക്രമാതീതമായി വർധിക്കുന്നതും വളത്തിന്റെ ലഭ്യതക്കുറവ്, പ്രകൃതിക്ഷോഭങ്ങൾ, വന്യമൃഗശല്യം തുടങ്ങിയവയും കർഷകരെ പ്രതിസന്ധിയിലാക്കുന്നു. സംഭരണം സുതാര്യമായി നടത്താനും സംഭരിച്ച നെല്ലിന്റെ തുക കർഷകർക്ക് കൃത്യസമയത്ത് ലഭ്യമാക്കാനും അടിയന്തര നടപടി സ്വീകരിക്കണം. സർക്കാരിന്റെ സാമ്പത്തിക അരാജകത്വം പൊതുവിതരണ മേഖലയെയും നെല്ല് സംഭരണത്തെയും സാരമായി ബാധിക്കുന്നുവെന്നത് ഖേദകരമാണ്. വിവിധ ബാങ്കുകൾ പി.ആർ.എസ്. വായ്പകൾ നിഷേധിക്കുന്നതും സിബിൽ സ്കോറുമായി ബന്ധപ്പെട്ട വിഷയവും പരിഹരിക്കപ്പെടണം. മില്ലുകളുടെ അലോട്ട്മെന്റുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാനുള്ള നടപടി സ്വീകരിക്കണം. കാർഷിക മേഖല നേരിടുന്ന

പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ അടിയന്തര നടപടികൾ സ്വീകരിക്കണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ശ്രീ. ജി. ആർ. അനിൽ: കർഷകരെ സംരക്ഷിക്കുന്നതിൽ ഇടതുപക്ഷ മുന്നണി സർക്കാരുകൾ മാതൃകാപരമായ നിലപാടുകളാണ് സ്വീകരിച്ചിട്ടുള്ളത്. കർഷകർക്ക് പണം നേരിട്ട് നൽകുന്ന നിലപാട് സ്വീകരിച്ചുകൊണ്ട് കുടിശ്ശിക തീർക്കാനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. പി.ആർ.എസ്. വായ്പ കുടിശ്ശികയുള്ള കർഷകരെ സഹായിക്കുന്നതിനായി 2000 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൃഷി-സിവിൽ സപ്ലൈസ് വകുപ്പുകളുടെ ഏകോപനത്തിലൂടെ പരാതിക്കിടയില്ലാതെ കർഷകരിൽനിന്നും നെല്ല് സംഭരിച്ചുവരികയാണ്. നെല്ല് സംഭരണത്തിൽ രാജ്യത്തിനുതന്നെ മാതൃകയായ നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. നിലവിൽ സംഭരണം ആരംഭിക്കുകയും തർക്കങ്ങൾ പരിഹരിച്ച് മുന്നോട്ടുപോകാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് ജില്ലകളിലെ മില്ലുകൾക്കുകൂടി അലോട്ട്മെന്റ് നൽകുന്നത് നെല്ല് സംഭരണം തടസ്സമില്ലാതെ മുന്നോട്ട് കൊണ്ടുപോകാൻ സഹായകരമാകും. സംഭരണത്തിലുണ്ടാകുന്ന കാലതാമസം പരിഹരിക്കുന്നതിന് എല്ലാവരും

ഒരുമിച്ച് നിൽക്കണം. ഈ വിഷയം ചർച്ച ചെയ്യുന്നതിനായി സഭാ നടപടികൾ നിർത്തിവയ്ക്കേണ്ടതില്ല.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അവതരണാനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. ഡി. സതീശൻ, പി. കെ. കുഞ്ഞാലിക്കുട്ടി, മോൻസ് ജോസഫ് എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അല്പസമയത്തിനകം തിരിച്ചുവരികയും ചെയ്തു.)

## II ശ്രദ്ധ ക്ഷണിക്കൽ

(1) <u>സർക്കാർ മേഖലയിൽ കൂടുതൽ സ്പെഷ്യൽ സ്കൂളുകൾ ആരംഭിക്കൽ</u>

<u>ശ്രീമതി സി. കെ. ആശ</u>: സംസ്ഥാനത്ത് തീവ്ര ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവരെയും അവരുടെ രക്ഷിതാക്കളെയും സർക്കാരും പൊതുസമൂഹവും അവഗണിക്കുകയാണ്. ഇവർക്കായി സർക്കാർ മേഖലയിൽ ഒരു സ്പെഷ്യൽ സ്കൂൾ മാത്രമാണ് നിലവിലുള്ളത്. സ്പെഷ്യൽ സ്കൂളുകൾ ആരംഭിക്കുന്നതിന് നിശ്ചയിച്ചിരിക്കുന്ന വിദ്യാർഥികളുടെ പ്രായപരിധി ഒഴിവാക്കി സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനും കൂടുതൽ പുനരധിവാസ

കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം. ഭിന്നശേഷിക്കാർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നതിനുള്ള വരുമാന പരിധി ഉയർത്തി പെൻഷൻ തുക വർധിപ്പിക്കണം. ആശ്വാസ കിരണം പദ്ധതിപ്രകാരമുള്ള കുടിശ്ശിക അനുവദിക്കുന്നതിനും നിരാമയ ഇൻഷ്വറൻസ് പ്രീമിയം തുക സർക്കാർ അടയ്ക്കുന്നതിനും ഭിന്നശേഷിക്കാരുടെ മെഡിക്കൽ സർട്ടിഫിക്കറ്റും യു.ഡി.ഐ.ഡി. കാർഡും സമയബന്ധിതമായി നൽകുന്നതിനും ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവർക്ക് തൊഴിൽ പരിശീലനം നൽകുന്നതിനും നടപടി സ്വീകരിക്കണം.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവർക്കും അവരുടെ രക്ഷിതാക്കൾക്കുമായി സാമൂഹ്യനീതി വകുപ്പ് മുഖേന വിവിധ പരിപാടികൾ ഉൾപ്പെടുത്തി സ്പെക്ട്രം പദ്ധതി നടപ്പാക്കിവരുന്നു. നിലവിൽ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, മഞ്ചേരി മെഡിക്കൽ കോളേജുകളിലും കോഴിക്കോട് ഇംഹാൻസിലും ഓട്ടിസം സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. NIPMR-ൽ റീജിയണൽ ഓട്ടിസം റീഹാബിലിറ്റേഷൻ സെന്ററും ഗവേഷണ കേന്ദ്രവും NISH-ൽ ഓട്ടിസം സ്പെക്ട്രം ഡിസോർഡർ യൂണിറ്റും പ്രവർത്തിക്കുന്നുണ്ട്. മോഡൽ ഇൻക്ലൂസീവ് സ്കൂൾ പദ്ധതിയിൽ 84 സ്കൂളുകളെ ഉൾപ്പെടുത്തുകയും

ഭിന്നശേഷി വിദ്യാർഥികളുടെ ഉന്നമനത്തിനായി സമഗ്ര ശിക്ഷാ അഭിയാനിൽ ഉൾപ്പെടുത്തി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരികയും ചെയ്യുന്നുണ്ട്. കുടുംബശ്രീയുടെ നേതൃത്വത്തിൽ ബഡ്സ് സ്കൂളുകൾ, ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകൾ എന്നിവയും പ്രവർത്തിച്ചുവരുന്നു. സാമൂഹ്യനീതി വകുപ്പിന്റെയും കോഴിക്കോട് യൂണിവേഴ്സിറ്റിയുടെയും സംയുക്ത ആഭിമുഖ്യത്തിൽ കമ്മ്യൂണിറ്റി ഡിസെബിലിറ്റി മാനേജ്മെന്റ് ആൻഡ് റീഹാബിലിറ്റേഷൻ പ്രോഗ്രാം കോഴിക്കോട്, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിൽ നടപ്പാക്കിവരുന്നു. സ്പെഷ്യൽ സ്കൂൾ ആരംഭിക്കുന്നതിന് 18 വയസ്സിൽ താഴെയുള്ള 20 കുട്ടികൾ വേണമെന്ന നിബന്ധന പുനഃപരിശോധിക്കുന്നതാണ്. ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന സ്ത്രീകളുടെ പുനരധിവാസത്തിനായി തൃശ്ശൂരിൽ പ്രത്യാശ ഭവനം കൊല്ലത്ത് പ്രിയാ ഹോമും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഇവർക്ക് തൊഴിൽ പരിശീലനം നൽകുന്നതിനായി പ്രചോദനം എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. നിരാമയ ഇൻഷ്വറൻസ് പ്രീമിയം തുക അടയ്ക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ഭിന്നശേഷിക്കാരുടെ സമഗ്ര പുനരധിവാസത്തിനായി അന്താരാഷ്ട്ര നിലവാരത്തിലുള്ള പുനരധിവാസ വില്ലേജുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## (2) കേരള റാഗിങ് നിരോധന നിയമ ഭേദഗതി

ശ്രീ. എൻ ഷംസുദ്ദീൻ: കേരളത്തിലെ ക്യാമ്പസുകളിൽ റാഗിങിന്റെ പേരിലുള്ള അക്രമങ്ങൾ വർധിച്ചുവരികയാണ്. കോട്ടയം സർക്കാർ നഴ്സിങ് കോളേജ് വിദ്യാർഥി അടുത്തിടെയാണ് ക്രൂരമായ റാഗിങിന് വിധേയനായത്. പൂക്കോട് വെറ്ററിനറി സർവകലാശാലയിൽ റാഗിങിനെ തുടർന്ന് വിദ്യാർഥി മരണപ്പെട്ട സംഭവത്തിൽ സർവകലാശാലയുടെ ഭാഗത്തുനിന്നും പ്രതികളെ സഹായിക്കുന്ന സമീപനമാണുണ്ടായത്. കാര്യവട്ടം ക്യാമ്പസിൽ സീനിയർ വിദ്യാർഥികൾ ജൂനിയർ വിദ്യാർഥികളെ വളഞ്ഞിട്ടാക്രമിക്കുന്ന സംഭവവും അടുത്ത ദിവസങ്ങളിലുണ്ടായിട്ടുണ്ട്. കേരള റാഗിങ് നിരോധന നിയമപ്രകാരം കുറ്റകൃത്യങ്ങളെല്ലാം ബെയ്‌ലബിളും പരമാവധി ശിക്ഷ രണ്ട് വർഷവുമാണ്. സൈബർ ആക്രമണങ്ങൾ ഉൾപ്പെടെ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവന്ന് കേരള റാഗിങ് നിരോധന നിയമം ശക്തിപ്പെടുത്താനും ജസ്റ്റിസ് കെ. കെ. ദിനേശൻ കമ്മിഷൻ ശിപാർശകൾ നടപ്പാക്കാനും ഗവൺമെന്റ് തയ്യാറാകണം. റാഗിങ് കേസുകളിൽ പ്രതിചേർക്കപ്പെടുന്ന വിദ്യാർഥികൾ അതേ കോളേജിൽ തുടർന്ന് പഠിക്കുന്നതിനും അതേ വർഷംതന്നെ പരീക്ഷ എഴുതുന്നതിനും വിലക്കേർപ്പെടുത്തുന്ന കാര്യം പരിഗണിക്കണം.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ റാഗിങ് തടയാൻ യു.ജി.സി. റെഗുലേഷനനുസരിച്ച് രൂപീകരിച്ച ആന്റി റാഗിങ് കമ്മിറ്റികൾ നിലവിലുണ്ട്. സംസ്ഥാന പോലീസ് മേധാവി എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും ക്യാമ്പസുകളിൽ റാഗിങിന്റെ പേരിൽ നടത്തുന്ന അതിക്രമങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നിർദേശങ്ങൾ നൽകിയിട്ടുണ്ട്. ആന്റി റാഗിങ് കമ്മിറ്റി നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ സ്ഥാപന മേധാവികൾക്ക് ലഭിക്കുന്ന റാഗിങ് സംബന്ധിച്ച പരാതികളിന്മേൽ പോലീസ് മുഖാന്തരം നിയമനടപടി സ്വീകരിച്ചുവരുന്നുണ്ട്. ആന്റി റാഗിങ് കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ റാഗിങിൽ പ്രതിചേർക്കപ്പെടുന്നവർക്കെതിരെ സസ്പെൻഷൻ അടക്കമുള്ള കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. കോട്ടയം സർക്കാർ നഴ്സിങ് കോളേജിലെ സംഭവത്തിൽ കേസ് രജിസ്റ്റർ ചെയ്ത് പ്രതികളെ അറസ്റ്റ് ചെയ്യുകയും കോടതി മുമ്പാകെ ഹാജരാക്കി നിയമനടപടികൾ സ്വീകരിക്കുകയും അഡ്മിഷൻ റദ്ദാക്കുകയും ചെയ്തിട്ടുണ്ട്. റാഗിങ് തടയുന്നതിൽ വീഴ്ച വരുത്തിയ വാർഡന്റെ ചുമതലയുള്ള പ്രിൻസിപ്പലിനെയും അസിസ്റ്റന്റ് വാർഡന്റെ ചുമതലയുള്ള അസിസ്റ്റന്റ് പ്രൊഫസറെയും സർവീസിൽനിന്ന് സസ്പെൻഡ് ചെയ്യുകയും

കൃത്യനിർവഹണത്തിൽ വീഴ്ച വരുത്തിയ കെയർടേക്കർ/സെക്യൂരിറ്റിയെ തൽസ്ഥാനത്തുനിന്ന് നീക്കം ചെയ്യുകയും ആന്റി റാഗിങ് സ്ക്വാഡ് ഡ്യൂട്ടിയിൽ വീഴ്ച വരുത്തിയ അധ്യാപകർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കാൻ നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്. പൂക്കോട് കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവകലാശാലയിലെ വിദ്യാർഥിയുടെ മരണവുമായി ബന്ധപ്പെട്ട വിഷയത്തിൽ 20 പേരെ അറസ്റ്റ് ചെയ്യുകയും കേസന്വേഷണം സി.ബി.ഐ.-ക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. കാര്യവട്ടം ഗവൺമെന്റ് കോളേജിലെ റാഗിങുമായി ബന്ധപ്പെട്ട് ഏഴുപേരെ അറസ്റ്റ് ചെയ്യുകയും നിയമനടപടികൾ സ്വീകരിച്ചുവരികയുമാണ്. റാഗിങിനെതിരെ വിദ്യാർഥികളിൽ അവബോധം സൃഷ്ടിക്കാൻ ക്യാമ്പസുകളിൽ പോലീസിന്റെയും ആന്റി റാഗിങ് സെല്ലുകളുടെയും മേൽനോട്ടത്തിൽ ബോധവൽക്കരണ പരിപാടികളും റാഗിങ് വിരുദ്ധ നിയമം സംബന്ധിച്ച ക്ലാസുകളും സംഘടിപ്പിക്കുകയും റാഗിങ് നിരോധിച്ചുകൊണ്ടുള്ള അറിയിപ്പും അതിന് ലഭിക്കാവുന്ന ശിക്ഷകളെക്കുറിച്ചുള്ള മുന്നറിയിപ്പുകളും പ്രദർശിപ്പിക്കുകയും ചെയ്യുന്നുണ്ട്. കോളേജിൽ പ്രവേശനം നേടുമ്പോൾത്തന്നെ റാഗിങ് നടത്തുകയോ അതിനെ പിന്തുണയ്ക്കുകയോ ചെയ്യില്ലെന്ന സത്യവാങ്മൂലം വിദ്യാർഥിയുടെയും രക്ഷിതാവിന്റെയും ഒപ്പുവച്ച്

വാങ്ങുന്നുണ്ട്. കൂടുതൽ കർക്കശമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി 1998-ലെ കേരള റാഗിങ് നിരോധന നിയമം പരിഷ്കരിക്കുന്ന കാര്യവും റാഗിങ്ങിൽ പ്രതിചേർക്കപ്പെടുന്നവർക്കെതിരെ കൃത്യമായ തെളിവ് ലഭിക്കുകയും കുറ്റകൃത്യം തെളിയുകയും ചെയ്താൽ അവരെ പരീക്ഷകളിൽനിന്ന് വിലക്കുന്ന കാര്യവും പരിഗണിക്കുന്നതാണ്.

## III സബ്മിഷൻ

### (1) റാന്നിയിലെ കർഷകർക്ക് പട്ടയം

ശ്രീ. പ്രമോദ് നാരായൺ: നടപടിക്രമങ്ങൾ വേഗത്തിൽ പൂർത്തീകരിച്ച് റാന്നി നിയോജകമണ്ഡലത്തിലെ കർഷകരുടെയും മലയോര ജനതയുടെയും ആദിവാസികളുടെയും പട്ടയപ്രശ്നങ്ങൾ പരിഹരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): റാന്നി നിയോജകമണ്ഡലത്തിലെ പട്ടയ വിഷയങ്ങൾ പട്ടയ ഡാഷ് ബോർഡിൽ ചേർത്ത് സർക്കാർ പരിശോധിച്ചിട്ടുള്ളതും പട്ടയം നൽകുന്നതിന് സാധ്യമായ നിർദേശങ്ങൾ നൽകിയിട്ടുള്ളതുമാണ്. മണ്ഡലത്തിലെ പട്ടയപ്രശ്നങ്ങൾ പരിഹരിക്കാനായി 17-01-2025-ന് റവന്യൂ മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലെടുത്ത തീരുമാനങ്ങൾ അടിയന്തരമായി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്.

## (2) ബി.പി.എൽ. കുടുംബങ്ങൾക്ക് ജലനിധി പദ്ധതി പ്രകാരമുള്ള വാട്ടർ ചാർജിൽ കുറവ് വരുത്തൽ

ശ്രീ. വി. ആർ. സുനിൽ കുമാർ: കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിലെ മാള മൾട്ടി GP ജലനിധി പദ്ധതിയിൽ ഏർപ്പെടുത്തിയിട്ടുള്ള ബൾക് മീറ്റർ ചാർജ് കുറവ് വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): കേരള വാട്ടർ അതോറിറ്റി നേരിട്ട് ടാപ്പുകളിലൂടെ വീടുകൾക്ക് നൽകുന്ന വെള്ളത്തിന് ഒരു കിലോലിറ്ററിന് 14.41 രൂപ വാങ്ങുമ്പോൾ ബൾക്ക് മീറ്ററിലെ റീഡിങ് പ്രകാരം 16.62 രൂപയാണ് പഞ്ചായത്ത്/ഗുണഭോക്തൃ സമിതികൾ വാട്ടർ അതോറിറ്റിക്ക് നൽകേണ്ടിവരുന്നത്. KWA നേരിട്ട് നടപ്പാക്കുന്ന പദ്ധതികളിൽ ബി.പി.എൽ. കുടുംബങ്ങൾക്ക് നൽകുന്ന സബ്സിഡി ബൾക്ക് വാട്ടർ സപ്ലൈ സ്കീമുകൾക്ക് ലഭിക്കുന്നില്ല. ബൾക്ക് വാട്ടർ സപ്ലൈ പദ്ധതികളിലെ എല്ലാ ചെലവുകളും സമിതികൾ തന്നെ വഹിക്കേണ്ടി വരുന്നതിനാൽ ഈ പദ്ധതി നടപ്പാക്കുന്ന ഗ്രാമപഞ്ചായത്തുകൾക്കും ഗുണഭോക്തൃ സമിതികൾക്കും വലിയ പ്രതിസന്ധി ഉണ്ടാകുന്നുണ്ട്. KWA ഗാർഹിക ഉപഭോക്താക്കൾക്ക് നൽകുന്ന അതേ നിരക്കിൽത്തന്നെ ബൾക്ക് വാട്ടർ നിരക്ക് നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(3) അരൂരിലെ വെള്ളക്കെട്ട്

ശ്രീമതി ദെലീമ: അരൂർ നിയോജകമണ്ഡലത്തിലെ തീരപ്രദേശങ്ങളിൽ വേലിയേറ്റത്തിന്റെ ഫലമായുണ്ടാകുന്ന വെള്ളക്കെട്ട് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): അരൂർ നിയോജകമണ്ഡലത്തിലെ വെള്ളക്കെട്ട് പരിഹരിക്കുന്നതിന് 28.79 കോടി രൂപയുടെ പ്രവൃത്തിക്കുള്ള ഭരണാനുമതിയുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്. കൂടാതെ നവകേരള സദസ്സിൽ ലഭിച്ച പരാതികൾ പരിഹരിക്കുന്നതിനായി അരൂർ മണ്ഡലത്തിന് അനുവദിച്ച 7 കോടി രൂപ വിനിയോഗിച്ച് വെള്ളക്കെട്ടിന് പരിഹാരം കാണുന്നതിനായി 9 പ്രവൃത്തികളുടെ ഡി.പി.ആർ. തയ്യാറാക്കാൻ നടപടി സ്വീകരിക്കുകയും 3 പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് പ്രവൃത്തികൾ നടപ്പാക്കുന്നതാണ്.

(4) ആലപ്പാട് സമഗ്ര പുലിമുട്ട് പദ്ധതി

ശ്രീ. സി. ആർ. മഹേഷ്: ആലപ്പാട് പഞ്ചായത്തിലെ രൂക്ഷമായ കടലാക്രമണം തടയുന്നതിന് സമഗ്ര പുലിമുട്ട് പദ്ധതി നടപ്പാക്കാനുള്ള നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): കേരളത്തിൽ രൂക്ഷമായ കടലാക്രമണം നേരിടുന്ന പത്ത് ഹോട്ട്സ്പോട്ടുകൾ കണ്ടെത്തി കടൽത്തീര സംരക്ഷണ പ്രവർത്തനങ്ങൾ നടത്താനാണ് തീരുമാനിച്ചിട്ടുള്ളത്. ഹോട്ട്സ്പോട്ടുകളിൽ തീരസംരക്ഷണ മാർഗങ്ങൾ കണ്ടെത്തി ഡിസൈൻ ചെയ്യുന്നതിന് NCCR, ചെന്നൈയുടെ സാങ്കേതിക സഹായം തേടിയിട്ടുണ്ട്. ആലപ്പാട് ഉൾപ്പെടെയുള്ള ഹോട്ട്സ്പോട്ടുകളിലുണ്ടാകുന്ന കടലാക്രമണത്തിൽനിന്ന് സുസ്ഥിര സംരക്ഷണം ഉറപ്പുവരുത്തുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. ആലപ്പാട് പ്രദേശം നേരിടുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാൽ പ്രയോറിറ്റി നൽകുന്നതാണ്.

## (5) കുറ്റ്യാടിയിലെ യാത്രാപ്രശ്നങ്ങൾ പരിഹരിക്കൽ

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: കുറ്റ്യാടി നിയോജകമണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ നിലനിൽക്കുന്ന യാത്രാക്ലേശവും ആർ.ടി.ഒ.-യിൽ കെട്ടിക്കിടക്കുന്ന പരാതികളും പരിഹരിക്കാൻ നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): കുറ്റ്യാടി നിയോജകമണ്ഡലത്തിലെ തൊട്ടിൽപാലം യൂണിറ്റിൽനിന്നും വേളം

ഗ്രാമപഞ്ചായത്തിലെ ശാന്തിനഗർ-പെരുവയൽ-പള്ളിയത്ത് വഴി പേരാമ്പ്ര വരെ നടത്തിയിരുന്ന ബസ് സർവീസ് ആ ഭാഗത്ത് റോഡ് പ്രവൃത്തി നടക്കുന്നതിനാൽ വടകര-പള്ളിയത്ത് വഴിയാണ് സർവീസ് നടത്തുന്നത്. വടകര യൂണിറ്റിൽനിന്നും എളമ്പിലാട് ഭാഗത്തേക്ക് ആവശ്യാനുസരണം ട്രിപ്പുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. നിലവിൽ ദേശസാൽകൃത റൂട്ടുകളിൽ വാഹനങ്ങൾ കുറവുണ്ടെങ്കിൽ പരിഹരിക്കുന്നതാണ്. സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി അംഗീകരിച്ച റൂട്ടുകളിൽ ഉടൻ പെർമിറ്റ് അനുവദിക്കാനും ബസ്സ് സർവീസുകളില്ലാത്ത റൂട്ടുകളിൽ ആർ.ടി.ഒ.-മാർ തടഞ്ഞുവച്ച പെർമിറ്റുകൾ അനുവദിക്കാനും നിർദേശം നൽകുന്നതാണ്. മിനി ബസ് ആരംഭിക്കണമെന്ന എം.എൽ.എ.-മാരുടെ ആവശ്യം ബസ്സ് ലഭിക്കുന്നമുറയ്ക്ക് പരിഗണിക്കുന്നതാണ്.

## (6) <u>കേരള സഹകരണ ചട്ട ഭേദഗതി</u>

<u>ശ്രീ. യു. എ. ലത്തീഫ്</u>: കേരള സഹകരണ നിയമത്തിൽ പുതിയതായി കൂട്ടിച്ചേർക്കപ്പെട്ട 43 ബി വകുപ്പ് ഒഴിവാക്കാൻ അടിയന്തര നടപടി സ്വീകരിക്കണം.

<u>തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി</u> (<u>ശ്രീ. വി. എൻ. വാസവൻ</u>): സഹകരണ നിയമപ്രകാരം അവിശ്വാസ പ്രമേയം

കൊണ്ടുവരുന്നതിനാവശ്യമായ വ്യവസ്ഥകൾ വർഷങ്ങൾക്കുശേഷവും ചട്ടത്തിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നും ആയതിന് നടപടി സ്വീകരിക്കണമെന്നുമുള്ള കോടതി വിധിപ്രകാരം സഹകരണ ചട്ടത്തിൽ ആവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനായി ചട്ടം 43 ബി കൂട്ടിച്ചേർക്കുന്നതിനായി കരട് തയ്യാറാക്കുകയും നിയമവകുപ്പിന്റെ സൂക്ഷ്മപരിശോധനയ്ക്കുശേഷം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുള്ളതാണ്. ടി വിഷയത്തിൽ ലഭിച്ചിട്ടുള്ള ഹർജികൾ പരിശോധിച്ച് ചട്ടം ഭേദഗതി ചെയ്യുന്നതിനുള്ള ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(7) വിശ്വകർമ്മ വിഭാഗക്കാർക്ക് പ്രത്യേക സംരക്ഷണ പാക്കേജ്

ഡോ. മാത്യു കുഴൽനാടൻ: വിശ്വകർമ്മ വിഭാഗക്കാരുടെ ആവശ്യങ്ങൾ അനുഭാവപൂർവം പരിഗണിക്കാൻ അടിയന്തര നടപടി സ്വീകരിക്കണം.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): വിശ്വകർമ്മ വിഭാഗത്തിന്റെ ഉന്നമനത്തിനായി നിരവധി പദ്ധതികളാണ് നടപ്പാക്കുന്നത്. വിദ്യാഭ്യാസ മേഖലയിൽ പ്രൊഫഷണൽ ഡിഗ്രി, പി.ജി. കോഴ്സുകളിലും ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി കോഴ്സുകളിലും രണ്ട് ശതമാനം

സംവരണവും സർക്കാർ/എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ കോഴ്സുകൾക്ക് കെ.പി.സി.ആർ. പ്രകാരവും ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്. ടി വിഭാഗത്തിന്റെ തൊഴിൽശേഷിയും ജീവിത സാഹചര്യവും മെച്ചപ്പെടുത്താൻ പിന്നാക്ക വിഭാഗ വികസന വകുപ്പ് ടൂൾ കിറ്റ് ഗ്രാന്റ് പദ്ധതിയിലൂടെ ആധുനിക പണിയായുധങ്ങൾ വാങ്ങുന്നതിന് ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. കരകൗശല വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ സ്കിൽ ബാങ്ക് രൂപീകരിക്കുന്നതിനും ക്രാഫ്റ്റ് വില്ലേജ് സ്ഥാപിക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. നഗരകേന്ദ്രങ്ങളിൽ ഉൽപന്ന പ്രദർശനത്തിനും വിപണനത്തിനും സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ട്. ഡോ. പി. എൻ. ശങ്കരൻ കമ്മിഷൻ റിപ്പോർട്ടിലെ ശിപാർശകൾ വിവിധ വകുപ്പുകൾ മുഖാന്തരം നടപ്പാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. വിശ്വകർമ്മ ദിനം പൊതു അവധിയായി പ്രഖ്യാപിക്കണമെന്ന വിഷയം സർക്കാർ പരിശോധിച്ചിട്ടില്ല.

(8) കുണ്ടറ താലൂക്കാശുപത്രിയിലെ സ്റ്റാഫ് നിയമനം

ശ്രീ. പി. സി. വിഷ്ണുനാഥ്: കുണ്ടറ താലൂക്കാശുപത്രിയിലെ കെട്ടിടനിർമ്മാണം പൂർത്തിയാകുന്നമുറയ്ക്ക് ആവശ്യമായ ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): കുണ്ടറ താലൂക്കാശുപത്രിയിൽ കിഫ്ബിയുടെ ധനസഹായത്തോടെ ആധുനിക സംവിധാനങ്ങളോടുകൂടിയ കെട്ടിട നിർമ്മാണം പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്. നിലവിൽ 17 ഡോക്ടർമാരുൾപ്പെടെ 42 സ്ഥിരം ജീവനക്കാരും 58 താൽക്കാലിക ജീവനക്കാരുമാണുള്ളത്. കൂടുതൽ ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## IV ബജറ്റ് രേഖകളിന്മേലുള്ള തിരുത്തലുകളുടെ സമർപ്പണം:

2025 ഫെബ്രുവരി 7-ാം തീയതി സഭയിൽ അവതരിപ്പിച്ച 2025-26 സാമ്പത്തിക വർഷത്തെ ബജറ്റ് രേഖകളോടൊപ്പം സമർപ്പിച്ച അനുബന്ധം IV-ൽ വന്ന തിരുത്തലുകളുടെ അടിസ്ഥാനത്തിലുള്ള പുതുക്കിയ അനുബന്ധം IV ധനകാര്യ വകുപ്പുമന്ത്രി സമർപ്പിച്ചു.

## V ധനകാര്യം

### 2025-26 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിലെ ധനാഭ്യർഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): താഴെപ്പറയുന്ന ധനാഭ്യർഥനകൾ അനുവദിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു:

ധനാഭ്യർഥന നമ്പർ XII - പോലീസ്
(5227,52,48,000 രൂപ)

ധനാഭ്യർഥന നമ്പർ XIII - ജയിലുകൾ
(217,76,07,000 രൂപ)

ധനാഭ്യർഥന നമ്പർ XIV - സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവീസുകളും
(686,70,95,000 രൂപ)

ധനാഭ്യർഥന നമ്പർ XXIII - വാർത്താവിതരണവും പ്രചരണവും
(118,17,47,000 രൂപ)

ധനാഭ്യർഥന നമ്പർ XXVI - പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന്
(1989,58,00,000 രൂപ)

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>): ഉപക്ഷേപങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർഥനയേയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർഥനയേയും സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർഥനയേയും വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ

ധനാഭ്യർഥനയേയും പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI നമ്പർ ധനാഭ്യർഥനയേയും സംബന്ധിച്ച ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ശ്രീ. കെ. വി. സുമേഷ്: ധനാഭ്യർഥനകളെ അനുകൂലിക്കുന്നു. സംസ്ഥാനത്ത് സമാധാനപൂർണ്ണമായ ജീവിത സാഹചര്യം ഉറപ്പുവരുത്താൻ ആഭ്യന്തര വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. ആഭ്യന്തര മേഖലയെ ആധുനികവൽക്കരിക്കാനുതകുന്ന ഒട്ടേറെ പരിഷ്കാരങ്ങളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. അന്വേഷണ മികവിലും കുറ്റകൃത്യങ്ങൾ തെളിയിക്കുന്നതിലും കുറ്റകൃത്യം ചെയ്യുന്നവർക്കെതിരെ കക്ഷി-രാഷ്ട്രീയ ഭേദമന്യേ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിലും മാതൃകാപരമായ പ്രവർത്തനമാണ് പോലീസ് കാഴ്ചവയ്ക്കുന്നത്. ഇക്കണോമിക് ഒഫൻസ് വിങ്, വനിതാ പോലീസ് ബറ്റാലിയൻ എന്നിവ രൂപീകരിച്ചതും 4817 പുതിയ തസ്തികകൾ സൃഷ്ടിച്ചതും 20014 നിയമനങ്ങൾ നടത്തിയതും എല്ലാ പോലീസ് ജില്ലയ്ക്കുകീഴിലും സൈബർ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചതും ശ്രദ്ധേയമാണ്. പോലീസ്-എക്സൈസ് വകുപ്പുകൾ രാസലഹരി മാഫിയയ്ക്കെതിരെ നടത്തുന്ന പ്രവർത്തനങ്ങൾ എടുത്തുപറയത്തക്കതാണ്.

പോലീസ് സ്റ്റേഷനുകളെ ജനകീയമാക്കാൻ സാധിച്ചത് സർക്കാരിന്റെ നേട്ടമാണ്. പാതിവില തട്ടിപ്പ് നടത്തിയവർക്കെതിരെ അതിവേഗതയിൽ നടപടി സ്വീകരിച്ചത് ശ്ലാഘനീയമാണ്. പോലീസ് സേനയെ മികവുറ്റതാക്കാൻ സാധിച്ചത് അഭിമാനകരമാണ്.

ഡോ. മാത്യു കുഴൽനാടൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പോലീസ് സേനയ്ക്ക് ആവശ്യമായ വാഹനസൗകര്യം ഏർപ്പെടുത്തണം. അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് പോലീസ് സേനയെ കുറ്റമറ്റതാക്കാനും ബോസ്റ്റൽ സ്കൂളുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തി അവയെ കാലാനുസൃതമായി പരിഷ്കരിക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. ഇ. ചന്ദ്രശേഖരൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പോലീസ് സേന മാതൃകാപരമായ പ്രവർത്തനങ്ങളാണ് നടത്തുന്നത്. സൈബർ കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി സൈബർ ഡിവിഷൻ രൂപീകരിച്ചതും തട്ടിപ്പുകൾക്കായി വിനിയോഗിച്ച നിരവധി ബാങ്ക് അക്കൗണ്ടുകളും സിം കാർഡുകളും വെബ്സൈറ്റുകളും പ്രവർത്തനരഹിതമാക്കാൻ സാധിച്ചതും സാമൂഹ്യ മാധ്യമ പ്രൊഫൈലുകളും വ്യാജ മൊബൈൽ ആപ്ലിക്കേഷനുകളും കണ്ടെത്തി നിയമനടപടി സ്വീകരിച്ചതും ആഭ്യന്തര വകുപ്പിന്റെ പ്രവർത്തനമികവുകൊണ്ടാണ്.

'ഓപ്പറേഷൻ പി ഹണ്ട്' പ്രകാരം 395 കേസുകൾ രജിസ്റ്റർ ചെയ്യുകയും 37 പേരെ അറസ്റ്റ് ചെയ്യുകയും 881 ഇലക്ട്രോണിക് ഉപകരണങ്ങൾ പിടിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. ക്രിപ്റ്റോ കറൻസി വഴിയുള്ള സാമ്പത്തിക കൈമാറ്റം നിരീക്ഷിക്കുന്നതിന് ചെയിൻ അനാലിസിസ് ടൂൾ ഉപയോഗിക്കുന്നതും സൈബർ ആക്രമണങ്ങൾ പ്രതിരോധിക്കുന്നതിന് സെക്യൂരിറ്റി ഓപ്പറേഷൻസ് സെന്റർ ആരംഭിച്ചതും ശ്രദ്ധേയമാണ്. ഡിജിറ്റൽ ഇടപാടുകളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും വർധിച്ചുവരുന്ന നൂതന സൈബർ തട്ടിപ്പുകളിൽനിന്ന് പൊതുജനങ്ങളെ സംരക്ഷിക്കുന്നതിനുമായി 'സൈബർ വാൾ' ആപ്പ് തയ്യാറാക്കുന്നുണ്ട്. കേരള പോലീസ് സൈബർ ഡിവിഷന്റെ കീഴിൽ പൊതുജനങ്ങൾക്ക് സൈബർ സാമ്പത്തിക തട്ടിപ്പ് പരാതികൾ റിപ്പോർട്ട് ചെയ്യുന്നതിനായി 1930 എന്ന ഹെൽപ്ലൈൻ നമ്പർ പോലീസ് ആസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. പോലീസ് സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്നതിന് 'തണൽ', 'തുണ' എന്നീ പോർട്ടലുകൾ ആരംഭിച്ചതും സ്റ്റേഷനുകളിൽ എത്തുന്നവരെ സഹായിക്കുന്നതിനായി പി.ആർ.ഒ.-യെ നിയോഗിച്ചതും സ്വദേശത്തും വിദേശത്തുമുള്ളവർക്ക് പരാതികൾ സമർപ്പിക്കാനുള്ള സൗകര്യം ഏർപ്പെടുത്തിയതും പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ അറിയുന്നതിന് ഓൺലൈൻ

വെർച്വൽ പോലീസിങ് സംവിധാനം ഏർപ്പെടുത്തിയതും എടുത്തുപറയത്തക്കതാണ്. കുറ്റവാളികളെ തിരിച്ചറിയുന്നതിനായി 'ഫേസ് റെക്കഗ്നിഷൻ സിസ്റ്റം' ആവിഷ്കരിച്ചിട്ടുണ്ട്. വയോജനങ്ങൾക്കും കിടപ്പുരോഗികൾക്കും ഒറ്റയ്ക്ക് താമസിക്കുന്നവർക്കും സഹായകരമായി ജനമൈത്രി ബീറ്റ് ഓഫീസർമാരും കമ്മ്യൂണിറ്റി റിലേഷൻസ് ഓഫീസർമാരും പ്രവർത്തിക്കുന്നുണ്ട്. കുടുംബശ്രീയുമായി ചേർന്ന് പോലീസ് സബ്ഡിവിഷൻ ഓഫീസുകൾ കേന്ദ്രീകരിച്ച് 'സ്നേഹിത' പദ്ധതി ആരംഭിച്ചിട്ടുണ്ട്. കാലോചിതമായ മാറ്റങ്ങളിലൂടെ ജയിലുകളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്. സംസ്ഥാനത്ത് പുതുതായി 33 പോലീസ് സ്റ്റേഷൻ കെട്ടിടങ്ങൾ നിർമ്മിക്കുന്നതും പുതുതായി 70 സ്കൂളുകളിൽ എസ്.പി.സി. അനുവദിച്ചതും സ്വാഗതാർഹമാണ്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സൈബർ പോലീസ് വിങ്ങിനെ ശക്തിപ്പെടുത്തുന്നതിനും കേസന്വേഷണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്ക് റ്റി.എ./ഡി.എ. വർധിപ്പിച്ച് നൽകുന്നതിനും നടപടിയെടുക്കണം. മയക്കുമരുന്ന് കേസ് കൈകാര്യം ചെയ്യുന്നതിനായി പോലീസ് സ്റ്റേഷനുകളിൽ ഒരു പ്രത്യേക വിങ് രൂപീകരിക്കുകയും വനിതാ പോലീസ്

ഉദ്യോഗസ്ഥരുടെ എണ്ണം വർധിപ്പിക്കുകയും ചെയ്യണം. മയക്കുമരുന്ന് വ്യാപനം തടയുന്നതിനായി പോലീസ് സ്റ്റേഷനുകൾക്ക് സീക്രട്ട് ഫണ്ട് അനുവദിക്കണം. മയക്കുമരുന്ന് മാഫിയയെക്കുറിച്ച് വിവരം നൽകുന്നവർക്ക് പ്രതിഫലം നൽകുന്നതിനെക്കുറിച്ച് ആലോചിക്കണം. മയക്കുമരുന്ന് കണ്ടെത്തുന്നതിനായി എ.ഡി.ജി.പി.-യുടെ നേതൃത്വത്തിൽ ഒരു സ്പെഷ്യൽ ടീമിനെ നിയോഗിക്കുന്നതിനും എല്ലാ ജില്ലകളിലും നർക്കോട്ടിക് ഐഡന്റിഫൈയിങ് കിറ്റ് ആവശ്യാനുസരണം വിതരണം ചെയ്യുന്നതിനും നടപടിയുണ്ടാകണം. മയക്കുമരുന്ന് കേസുകൾ അന്വേഷിക്കുന്നതിനായി പോലീസുകാർക്ക് പ്രത്യേക ട്രെയിനിങ് നൽകുകയും പോലീസ് സേനയുടെ അംഗബലം വർധിപ്പിക്കുകയും ഹൈവേ പോലീസിന് മെച്ചപ്പെട്ട വാഹനങ്ങൾ അനുവദിക്കുകയും ചെയ്യണം.

<u>ശ്രീ. ജോബ് മൈക്കിൾ</u>: ധനാഭ്യർഥനകളെ അനുകൂലിക്കുന്നു. പോലീസ് സേന നവീകരണത്തിന്റെ പാതയിലാണ്. വനിതാ പോലീസ് ബറ്റാലിയൻ ആരംഭിച്ചത് അഭിനന്ദനാർഹമാണ്. കേന്ദ്രം സാമ്പത്തികമായി ഞെരുക്കുമ്പോഴും വരുമാനം വർധിപ്പിച്ച് സംസ്ഥാനത്ത് വികസനക്കുതിപ്പുണ്ടാക്കാൻ സാധിച്ചുവെന്നത് ശ്ലാഘനീയമാണ്. കുടുംബശ്രീയുമായി ചേർന്ന് 'സ്നേഹിത' എന്ന പേരിൽ വനിതകൾക്കും

കുട്ടികൾക്കും കൗൺസിലിങ്ങിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സൈബർ തട്ടിപ്പിനെതിരെ ശക്തമായ നടപടി സ്വീകരിക്കാൻ സാധിച്ചത് സർക്കാരിന്റെ നേട്ടമാണ്. പോലീസ് സേനയിലെ 25 പോലീസ് ഉദ്യോഗസ്ഥർക്ക് ഓപ്പറേഷൻ ഡാർക്ക് ഹണ്ട് മേഖലയിലും 75 പേർക്ക് സൈബർ സെക്യൂരിറ്റിയിലും 50 പേർക്ക് ക്രിപ്റ്റോ കറൻസിയിലും പരിശീലനം നൽകിയതും തിരഞ്ഞെടുക്കപ്പെട്ട 20 സബ് ഇൻസ്പെക്ടർമാരെ ഉൾപ്പെടുത്തി സൈബർ കമാൻഡോ വിഭാഗം രൂപീകരിച്ചതും ശ്ലാഘനീയമാണ്. സ്നിഫർ ഡോഗിനെ പരിശീലിപ്പിച്ചും പോലീസിനെയും എക്സൈസിനെയും ശക്തിപ്പെടുത്തിയും ലഹരിക്കെതിരായി പോരാടണം.

<u>ശ്രീ. ലിന്റോ ജോസഫ്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളം വ്യവസായ വികസന രംഗങ്ങളിൽ മുന്നേറുമ്പോഴും അത് അംഗീകരിക്കാൻ പ്രതിപക്ഷം തയ്യാറാകുന്നില്ല. ക്രമസമാധാന രംഗത്ത് മികച്ച സേവനം കാഴ്ചവയ്ക്കുന്ന കേരള പോലീസ് സേനയെ അഭിനന്ദിക്കുന്നു. സൈബർ ക്രൈമുകളിൽ ക്രിയാത്മകമായ ഇടപെടൽ നടത്തിയും പോലീസുകാർ നടത്തുന്ന കുറ്റകൃത്യങ്ങൾക്കെതിരെ കർശന നിലപാട് സ്വീകരിച്ചും വനിത പോലീസ് സേനാംഗങ്ങളുടെ അംഗബലം വർധിപ്പിച്ചും പോലീസ് സ്റ്റേഷനുകളെ ജനകീയമാക്കിയും രാജ്യത്തിന് മാതൃകയായി കേരള

പോലീസ് സംവിധാനത്തെ മുന്നോട്ടുകൊണ്ടുപോകുന്ന സർക്കാരിന്റെ പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്. കേന്ദ്രസർക്കാർ വയനാട് ദുരന്ത മേഖലയ്ക്ക് ഫണ്ട് അനുവദിക്കാത്ത സാഹചര്യത്തിലും ദുരിതബാധിതരെ പുനരധിവസിപ്പിക്കുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ ശ്രമങ്ങൾ ശ്ലാഘനീയമാണ്.

<u>ശ്രീമതി കെ. കെ. രമ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാനത്തെ ക്രമസമാധാനനില തകരുകയും എക്സൈസ്, പോലീസ് സംവിധാനങ്ങൾ സമ്പൂർണ്ണമായി പരാജയപ്പെടുകയും ചെയ്തിരിക്കുന്നത് ആശങ്കാജനകമാണ്. മയക്കുമരുന്നുൾപ്പെടെയുള്ള ലഹരി വസ്തുക്കളുടെ ഉറവിടം കണ്ടെത്തുന്നതിൽ ഇന്റലിജൻസ് വിഭാഗം പരാജയപ്പെട്ടിരിക്കുന്നു. ക്രിമിനലുകളുടെയും അക്രമികളുടെയും മയക്കുമരുന്ന് സംഘങ്ങളുടെയും സ്ത്രീപീഡകരുടെയും കേന്ദ്രമായി സംസ്ഥാനം മാറിയിരിക്കുന്നത് പരിതാപകരമാണ്. ടൂറിസം വികസനത്തിന്റെപേരിൽ മദ്യ കമ്പനികളെ പ്രോത്സാഹിപ്പിക്കുന്നത് പ്രതിഷേധാർഹമാണ്. ജയിലുകളിൽ മതിയായ ഉദ്യോഗസ്ഥരില്ല. തടവുകാർക്ക് യഥേഷ്ടം പരോൾ അനുവദിക്കുന്നതും പോലീസിനെ രാഷ്ട്രീയ ചട്ടുകമാക്കുന്നതും അംഗീകരിക്കാനാകില്ല.

<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: ധനാഭ്യർഥനകളെ അനുകൂലിക്കുന്നു. ലഹരി മാഫിയയ്ക്കെതിരെ മുഖം നോക്കാതെ നടപടി സ്വീകരിക്കുന്ന സർക്കാരാണിത്. സാമൂഹ്യ ജീവിതത്തിൽ സാഹോദര്യവും ഐക്യവും നിലനിർത്താൻ കേരള പോലീസ് സേന നടത്തുന്ന പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്. നഗരവൽക്കരണത്തിന്റെ ഭാഗമായി വർധിച്ചുവരുന്ന കുറ്റകൃത്യങ്ങൾ തടഞ്ഞ് ക്രമസമാധാനനില നിലനിർത്തുന്നതിൽ ആഭ്യന്തര വകുപ്പ് വഹിക്കുന്ന പങ്ക് സ്തുത്യർഹമാണ്. കേന്ദ്രസർക്കാരിന്റെ സഹായമില്ലാതെ അതിവേഗം ദുരന്ത നിവാരണ പ്രവർത്തനങ്ങൾ നടത്തുന്ന സർക്കാരിനെ അഭിനന്ദിക്കുന്നു.

<u>ശ്രീമതി കാനത്തിൽ ജമീല</u>: ധനാഭ്യർഥനകളെ അനുകൂലിക്കുന്നു. പ്രശംസനീയമായ രീതിയിൽ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്ന ആഭ്യന്തര വകുപ്പിനെ അഭിനന്ദിക്കുന്നു. പോലീസ് സ്റ്റേഷനുകൾ സ്ത്രീ-സൗഹൃദമാക്കുകയും അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുകയും മതിയായ ജീവനക്കാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. ലഹരിക്കെതിരെ ആഭ്യന്തരവകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്.

<u>ശ്രീ. ടി. സിദ്ദിഖ്</u>: ധനാഭ്യർഥനകളെ എതിർക്കുന്നു. സ്കൂൾ/കോളേജുകളിൽ റാഗിങ് നടത്തുന്ന വിദ്യാർഥികൾക്കെതിരെ മാതൃകാപരമായ ശിക്ഷ ഉറപ്പാക്കണം. ജയിലിനുള്ളിൽ ക്രിമിനലുകൾക്കിടയിലെ കുറ്റകൃത്യങ്ങളും അവർക്ക്

പ്രൊട്ടക്ഷൻ കൊടുക്കുന്നതും അനധികൃത പരോൾ സംവിധാനവും നിർത്തലാക്കുന്നതിന് നടപടിയുണ്ടാകണം. പോലീസ് വകുപ്പിലെ വാഹനങ്ങളിൽ ഇന്ധനം നിറയ്ക്കുന്നതിനും ടെലിഫോൺ ബിൽ അടയ്ക്കുന്നതിനുമായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. പുതിയ വാഹനങ്ങളുടെയും ഉപകരണങ്ങളുടെയും അപര്യാപ്തമൂലം എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ സാധിക്കാത്ത അവസ്ഥയാണ് വകുപ്പിലുള്ളത്. ജോലിഭാരം, ജീവനക്കാരുടെ സ്വയം വിരമിക്കൽ, ആത്മഹത്യ, ഒഴിവുകൾ നികത്താത്തത് എന്നിവയുടെ ഫലമായി ആഭ്യന്തര വകുപ്പിൽ ജീവനക്കാരുടെ അപര്യാപ്തത നേരിടുകയാണ്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പോലീസ്, എക്സൈസ് വകുപ്പുകൾ രാജ്യത്തിന് മാതൃകയാകുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഈ സർക്കാരിന്റെ കാലത്ത് 15193 ലഹരി കേസുകൾ രജിസ്റ്റർ ചെയ്യുകയും നിരവധി കേസുകളിൽ നിയമനടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. വർധിച്ചുവരുന്ന ലഹരി ഉപയോഗം തടയുന്നതിനായി സർക്കാർ ഫലപ്രദമായ പ്രവർത്തനങ്ങളാണ് നടത്തുന്നത്. ക്രമസമാധാന പാലനം, വ്യവസായം എന്നീ മേഖലകളിൽ സർക്കാർ കൈവരിച്ച നേട്ടം പ്രതിപക്ഷം

അംഗീകരിക്കാൻ തയ്യാറാകണം. അത്യാധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തി പോലീസ് സേനയെ നവീകരിക്കാനാവശ്യമായ നടപടികളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. പോലീസ് സേനയ്ക്ക് സ്വതന്ത്രമായി പ്രവർത്തിക്കാൻ ആവശ്യമായ എല്ലാ സംവിധാനവും ഒരുക്കിക്കൊടുക്കാനാണ് സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ജനങ്ങളുടെ അടിസ്ഥാനസൗകര്യങ്ങൾ പരമാവധി മെച്ചപ്പെടുത്തുന്നതിനുള്ള ശ്രമമാണ് സർക്കാർ നടത്തിവരുന്നത്.

<u>ശ്രീ. വി. കെ. പ്രശാന്ത്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ക്രമസമാധാനപാലനത്തിൽ സംസ്ഥാനം മുന്നിലാണ്. ഈ സർക്കാരിന്റെ കാലത്ത് ഉന്നതവിദ്യാഭ്യാസം നേടിയ അഭ്യസ്തവിദ്യരായ 20014 ചെറുപ്പക്കാർക്ക് നിയമനം നൽകിയതിലൂടെ പോലീസ് സേനയുടെ പ്രവർത്തനത്തിൽ മാറ്റമുണ്ടാക്കാൻ സാധിച്ചുവെന്നത് അഭിമാനകരമാണ്. പ്രളയം, കോവിഡ് തുടങ്ങിയ ദുരന്തങ്ങളെ നേരിടാൻ കേരള പോലീസ് നൽകിയ സേവനങ്ങൾ സ്തുത്യർഹവും ലോകത്തിന് മാതൃകയുമാണ്. വർധിച്ചുവരുന്ന ലഹരിയുടെ ഉപയോഗം തടയുന്നതിനായി ശക്തമായ എൻഫോഴ്സ്മെന്റ് നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. ക്യാമ്പസുകളിലെ ലഹരി ഉപയോഗം, റാഗിങ് എന്നിവ തടയുന്നതിനും

അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള ലഹരി വാഹകരെ പിടികൂടുന്നതിനും സ്കൂൾ, കോളേജുകൾ കേന്ദ്രീകരിച്ച് നിരീക്ഷണം ശക്തമാക്കാനുമുള്ള ശ്രമമാണ് സർക്കാർ നടത്തുന്നത്. ഓപ്പറേഷൻ ഡി ഹണ്ടിലൂടെ 2762 കേസുകൾ രജിസ്റ്റർ ചെയ്യുകയും 2754 പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ലഹരി കേസുകളിൽ ഏറ്റവും ഉയർന്ന ശിക്ഷാ നിരക്ക് ഏർപ്പെടുത്തിയിട്ടുള്ളത് കേരളത്തിലാണ്. പോലീസ്, എക്സൈസ് എൻഫോഴ്സ്മെന്റ് ഡ്രൈവിലൂടെ ലഹരി കച്ചവടക്കാരെ നിയമത്തിനുമുന്നിൽ കൊണ്ടുവരുന്നതും സൈബർ കുറ്റകൃത്യങ്ങൾക്കെതിരെ സ്വീകരിക്കുന്ന നടപടികളും അഭിമാനകരമാണ്. എഫ്.എം. ചാനൽ ആരംഭിച്ച് നിയമ ക്ലാസുകളും ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തുന്നത് ഗുണകരമായിരിക്കും. പട്ടം കേന്ദ്രീകരിച്ച് പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കാനും സ്ഥലപരിമിതിയുള്ള മ്യൂസിയം പോലീസ് സ്റ്റേഷൻ നന്ദാവനം എ.ആർ. ക്യാമ്പിലെ കാന്റീൻ കെട്ടിടത്തിലേക്ക് മാറ്റാനും നടപടി സ്വീകരിക്കണം.

<u>ശ്രീ. നജീബ് കാന്തപുരം:</u> ധനാഭ്യർഥനകളെ എതിർക്കുന്നു. സമയബന്ധിതമായി ഫോറൻസിക് റിപ്പോർട്ടുകൾ ലഭ്യമാക്കാത്തതിനാൽ കേസുകൾ കെട്ടിക്കിടക്കുന്നതും data driven policing, crime mapping എന്നിവ നടപ്പാക്കാൻ കഴിയാത്തതും ആഭ്യന്തര വകുപ്പിന്റെ

പരാജയത്തെയാണ് സൂചിപ്പിക്കുന്നത്. പോലീസ് സേനയ്ക്ക് സ്വന്തം നിലയിൽ പ്രവർത്തിക്കാൻ കഴിയാത്തത് അപലപനീയമാണ്.

ശ്രീ. എം. വിജിൻ: ധനാഭ്യർഥനകളെ അനുകൂലിക്കുന്നു. വർഗീയ കലാപങ്ങളും ആൾക്കൂട്ടകൊലപാതകങ്ങളും ഇല്ലാതാക്കാൻ ആഭ്യന്തര വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്. സൈബർ, ഓൺലൈൻ തട്ടിപ്പുകളിലും പ്രളയം, കോവിഡ്, വയനാട് ദുരന്തം തുടങ്ങിയ ആപത്ഘട്ടങ്ങളിലും പോലീസ് സേനാംഗങ്ങൾ നടത്തിയ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. ഓൺലൈൻ സാമ്പത്തിക തട്ടിപ്പിലൂടെ നഷ്ടമായ തുക തിരികെ പിടിക്കാൻ സമയബന്ധിതമായ ഇടപെടൽ നടത്താൻ സാധിച്ചിട്ടുണ്ട്. പോലീസ് വകുപ്പിൽ കൂടുതൽ തസ്തിക സൃഷ്ടിച്ച് പി.എസ്.സി. മുഖേന നിയമനം നടത്താനായത് ഈ സർക്കാരിന്റെ കാലഘട്ടത്തിലാണ്.

ശ്രീ. വി. ജോയി: ധനാഭ്യർഥനകളെ അനുകൂലിക്കുന്നു. സൈബർ പോലീസ് സേനാംഗങ്ങൾക്ക് അധുനിക രീതിയിലുള്ള പരിശീലനം നൽകാനും 'POL APP-ലൂടെ വിവിധ പോലീസ് സേവനങ്ങൾ ജനങ്ങളിലെത്തിക്കാനും സാധിച്ചിട്ടുണ്ട്. നാർക്കോട്ടിക് വിഭാഗം കൂടുതൽ ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കണം. വ്യാജ ആരോപണങ്ങളിലൂടെ മുഖ്യമന്ത്രിയെ അപകീർത്തിപ്പെടുത്താൻ പ്രതിപക്ഷം നടത്തുന്ന നീക്കങ്ങളെ

അംഗീകരിക്കാൻ കഴിയില്ല. മയക്കുമരുന്നുൾപ്പെടെയുള്ള വിവിധ കേസുകളിലെ പ്രതികളെ സംസ്ഥാനത്തിന് പുറത്തുപോയി അറസ്റ്റ് ചെയ്യാൻ സാധിച്ചത് ആഭ്യന്തര വകുപ്പിന്റെ നേട്ടമാണ്.

ശ്രീ. ആന്റണി രാജു: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സർക്കാരിന്റെ ഇച്ഛാശക്തിയോടെയുള്ള ഇടപെടലുകൾമൂലം മികച്ച ക്രമസമാധാനം പുലർത്തുന്ന സംസ്ഥാനമായി കേരളം മാറി. സൈബർ കുറ്റകൃത്യങ്ങൾ ഫലപ്രദമായി നേരിടുന്നതിന് സർക്കാരിന് സാധിച്ചിട്ടുണ്ട്. മയക്കുമരുന്ന് ഉൾപ്പെടെ വിവിധ കേസുകളിൽ പ്രതിയായവരെ സംസ്ഥാനത്തിന് പുറത്തുപോയി അറസ്റ്റ് ചെയ്യാൻ സാധിച്ചിട്ടുണ്ട്. സർക്കാരിന്റെ ജനോപകാരപ്രദമായ നടപടികൾക്കെതിരെ പ്രതിപക്ഷം സ്വീകരിക്കുന്ന നിലപാടിനോട് യോജിക്കാനാകില്ല. പോലീസിനെ ശക്തിപ്പെടുത്തുന്നതിന് 4817 സ്ഥിരം തസ്തികകളും 855 താൽക്കാലിക തസ്തികകളും സൃഷ്ടിച്ച സർക്കാരാണിത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 37 പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ട്.

ശ്രീ. ടി. വി. ഇബ്രാഹിം: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. അധികാരത്തിന്റെ കാവൽക്കാരായി പോലീസ് സേന മാറിയിരിക്കുകയാണ്.

പോലീസിന്റെ അംഗബലം വർധിപ്പിക്കണം. ലഹരിക്കും റാഗിങ്ങിനുമെതിരെയുള്ള പോലീസ് നടപടികൾ ശക്തിപ്പെടുത്തണം.

ശ്രീ. ജി. എസ്. ജയലാൽ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കുറ്റാന്വേഷണത്തിലും സാങ്കേതിക വൈദഗ്ധ്യത്തിലും പോലീസ് സേന സ്വയംപര്യാപ്തത നേടിയിരിക്കുകയാണ്. പോലീസിനെ ഫലപ്രദമായി ഉപയോഗിച്ച് മതനിരപേക്ഷ സമൂഹത്തിന്റെ സംരക്ഷണം ഉറപ്പാക്കാൻ സർക്കാരിന് സാധിച്ചു. പോലീസ് സ്റ്റേഷനുകളെ വനിതാ-വയോജന-ശിശു സൗഹൃദമാക്കിയതും പ്രശ്നപരിഹാരത്തിന് നിർഭയമായി ചെല്ലാവുന്നതുമായി മാറ്റിയതും സർക്കാരിന്റെ നേട്ടമാണ്. സൈബർ ക്രൈം അന്വേഷണത്തിലുള്ള പോലീസിന്റെ മികവ് അഭിനന്ദനാർഹമാണ്. ലഹരി വസ്തുക്കൾ, ഡിജിറ്റൽ ഉപകരണങ്ങൾ എന്നിവമൂലമുണ്ടാകുന്ന ദൂഷ്യഫലങ്ങളെക്കുറിച്ച് സ്കൂൾതലത്തിൽത്തന്നെ കുട്ടികളിൽ അവബോധമുണ്ടാക്കുന്നതിനും 'ലൈഫ് സ്കിൽ എഡ്യൂക്കേഷൻ' പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം. മാനസികാരോഗ്യം, സൈബർ സാക്ഷരത, നിയമ സാക്ഷരത എന്നിവയെ സംബന്ധിച്ച് ജനങ്ങളിൽ ബോധവൽക്കരണം നടത്തണം. സോഷ്യൽ പോലീസിങ് ഡിവിഷൻ, തുണ, ജനമൈത്രി പോലീസ്, എസ്.പി.സി. തുടങ്ങിയ സർക്കാരിന്റെ വിവിധ പദ്ധതികൾ

രാജ്യത്തിനുതന്നെ മാതൃകയാണ്. 'ഫ്രണ്ട്സ് ഓഫ് പോലീസ്' പദ്ധതി നടപ്പാക്കാൻ മുൻകൈയെടുക്കണം. പോലീസുദ്യോഗസ്ഥരുടെ സേവനങ്ങൾ സംബന്ധിച്ച് പൊതുജനങ്ങൾക്ക് വിലയിരുത്തൽ നടത്താൻ കഴിയുന്ന രീതിയിൽ 'തുണ' പദ്ധതിയിൽ മാറ്റം വരുത്തണം. ലഹരിവിരുദ്ധ പ്രവർത്തനങ്ങളിലൂൾപ്പെടെ മാതൃകാപരമായ രീതിയിൽ മുന്നോട്ടുപോകുന്ന ആഭ്യന്തരവകുപ്പിനെ അഭിനന്ദിക്കുന്നു.

<u>ഡോ. കെ. ടി. ജലീൽ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാനത്തെ ക്രമസമാധാനാന്തരീക്ഷം നിലനിർത്താനും മത-വർഗീയ ശക്തികളെ ചെറുക്കാനും ജനങ്ങൾ തമ്മിലുള്ള ഐക്യം തകർക്കാൻ ശ്രമിക്കുന്ന ഛിദ്രശക്തികൾക്കെതിരെ കർശന നടപടി സ്വീകരിക്കാനും പോലീസ് സേനയ്ക്ക് കഴിഞ്ഞിട്ടുണ്ട്. ലഹരിവേട്ടയിൽ ഒന്നാം സ്ഥാനത്തെത്താനും ഇതുമായി ബന്ധപ്പെട്ട 98 ശതമാനം കേസുകളിലും ശിക്ഷാനടപടികൾ സ്വീകരിക്കാനും കഴിഞ്ഞത് ആഭ്യന്തര വകുപ്പിന്റെ പ്രവർത്തന മികവ് വ്യക്തമാക്കുന്നതാണ്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാനത്തെ ക്രമസമാധാനാന്തരീക്ഷം കാത്തുസൂക്ഷിക്കാനും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പുവരുത്താനും പോലീസ് സേനയ്ക്ക്

കഴിഞ്ഞിട്ടില്ല. ഐ.എ.എസ്.- ഐ.പി.എസ്. ഉദ്യോഗസ്ഥരുടെ ചേരിപ്പോര് നിയന്ത്രിക്കാൻ കഴിയാത്തത് ആഭ്യന്തര വകുപ്പിന്റെ പരാജയം വ്യക്തമാക്കുന്നതാണ്. ലഹരി-ഗുണ്ടാ മാഫിയകളുടെയും ക്രിമിനലുകളുടെയും സംരക്ഷകരായി മാറിയ സർക്കാർ നാടിനെ അരാജകത്വത്തിലേക്ക് എത്തിച്ചിരിക്കുകയാണ്. മാനദണ്ഡങ്ങൾ പാലിക്കാതെ തടവുകാർക്ക് പരോൾ അനുവദിക്കുകയും പോലീസ് സേനയെ രാഷ്ട്രീയവൽക്കരിക്കുകയും ജനമൈത്രി പോലീസിനെ ജനവിരുദ്ധ പോലീസാക്കി മാറ്റുകയുമാണ് സർക്കാർ ചെയ്തിരിക്കുന്നത്. സംസ്ഥാനത്ത് കൊള്ളയും കൊലയും വർധിച്ചത് പോലീസ് സേനയുടെ നിഷ്ക്രിയത്വം കാരണമാണ്. രാഷ്ട്രീയ സമ്മർദംമൂലം പോലീസ് ഉദ്യോഗസ്ഥർ ആത്മഹത്യ ചെയ്യുന്നതും രാജിവയ്ക്കുന്നതും നിത്യസംഭവമായി മാറിയിരിക്കുന്നു. പോലീസ് നയത്തിൽ മാറ്റം വരുത്തേണ്ടത് അനിവാര്യമാണ്. സി.പി.ഒ., വനിത കോൺസ്റ്റബിൾ, വനിത എസ്.ഐ. തുടങ്ങിയ റാങ്ക് ലിസ്റ്റുകളിലുൾപ്പെട്ടവർക്ക് നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പോലീസ് സേനാംഗങ്ങളുടെ എണ്ണവും ദുർഗുണ പരിഹാര പാഠശാലകളിലെ അടിസ്ഥാന സൗകര്യങ്ങളും വർധിപ്പിക്കുന്നതിനും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ

ശക്തിപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കും. ഫോറൻസിക് സയൻസ് ലാബുകളിൽ പുതിയതായി സൃഷ്ടിച്ച തസ്തികകളിൽ നിയമനം നടത്താൻ കാലതാമസം നേരിടുന്നത് ഒഴിവാക്കും. പൊതുമാനദണ്ഡം പാലിച്ചാണ് തടവുകാർക്ക് പരോൾ അനുവദിക്കുന്നത്. ലഹരിവസ്തുക്കളുടെ വ്യാപനവും ഉപയോഗവും തടയുന്നതിന് ക്രമസമാധാന ചുമതലയുള്ള എ.ഡി.ജി.പി.-യുടെ നേതൃത്വത്തിൽ 'ഓപ്പറേഷൻ ഡി ഹണ്ട്' എന്ന പേരിൽ സ്പെഷ്യൽ ഡ്രൈവും എക്സൈസ് വകുപ്പുമായി ചേർന്നുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു. അനധികൃത സ്വർണ്ണക്കടത്ത് തടയുന്നതിന് കരിപ്പൂർ, നെടുമ്പാശ്ശേരി വിമാനത്താവളങ്ങളിൽ കർശന പരിശോധനകൾ നടത്തിവരുന്നു. ഐ.പി.എസ്. തലപ്പത്ത് ചേരിപ്പോര് രൂക്ഷമാണെന്ന പരാമർശം അവാസ്തവമാണ്. വികസന നേട്ടങ്ങൾ, ക്ഷേമ നടപടികൾ, സമൂഹോന്മുഖമായ നിയമനിർമ്മാണങ്ങൾ എന്നിവയിൽ മാത്രമല്ല, ക്രമസമാധാനം മുതൽ സാമുദായിക സാഹോദര്യത്തിൽവരെ കേരളം രാജ്യത്തിന് മാതൃകയാണ്. വർഗീയ വിധ്വംസക പ്രവർത്തനങ്ങളെ ഉരുക്കുമുഷ്ടിയോടെ നേരിടാൻ ഇടതുപക്ഷ സർക്കാരിന് സാധിച്ചിട്ടുണ്ട്. മയക്കുമരുന്ന് ഉൾപ്പെടെയുള്ള നിയമവിരുദ്ധ ഉൽപന്നങ്ങളുടെ വ്യാപനം തടയാൻ കേരളത്തിലെ പോലീസും എക്സൈസും മാതൃകാപരമായ

ഇടപെടലുകളാണ് നടത്തിവരുന്നത്. മയക്കുമരുന്ന് കേസുകളിൽ രാജ്യത്ത് ഏറ്റവുമധികം കൺവിക്ഷൻ റേറ്റ് കേരളത്തിലാണുള്ളത്. പോലീസ് ഉദ്യോഗസ്ഥർ പ്രതികളാകുന്ന കേസുകളിൽ മുഖംനോക്കാതെ നടപടി സ്വീകരിച്ചിട്ടുണ്ട്. ക്രമസമാധാന-സേവന രംഗങ്ങളിൽ കേരള പോലീസ് രാജ്യത്തിനുതന്നെ മാതൃകയാണ്. ശബരിമല തീർഥാടനകാലത്തെ ആഭ്യന്തര വകുപ്പിന്റെയും പോലീസിന്റെയും സേവനം സ്തുത്യർഹമാണ്.

അഴിമതിയോട് സീറോ ടോളറൻസ് എന്ന നയം പിന്തുടർന്ന് വിജിലൻസ് ആൻഡ് ആന്റി-കറപ്ഷൻ ബ്യൂറോ പൊതുജനങ്ങൾക്ക് വേഗത്തിലും അഴിമതിരഹിതവുമായ സേവനങ്ങളാണ് നൽകിവരുന്നത്. കൈക്കൂലി ആവശ്യപ്പെടുകയോ സ്വീകരിക്കുകയോ ചെയ്യുന്ന ഉദ്യോഗസ്ഥരെ കുടുക്കാൻ 'ഓപ്പറേഷൻ സ്പോട്ട് ട്രാപ്' പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. വകുപ്പുകൾക്കുള്ളിലെ അഴിമതികളും ക്രമക്കേടുകളും കണ്ടെത്തുന്നതിന്റെ ഭാഗമായി ഇന്റേണൽ വിജിലൻസ് ശക്തിപ്പെടുത്താനും നിലവിലെ സംവിധാനത്തിന്റെ പ്രവർത്തനം വിലയിരുത്തി ആഭ്യന്തര വിജിലൻസ് സെല്ലുകൾ കാലോചിതമായി പരിഷ്കരിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ജയിലുകളിലെ അന്തേവാസികളുടെ ക്ഷേമം മെച്ചപ്പെടുന്നതിനും അവരുടെ മാനസിക പരിവർത്തനം, പുനരധിവാസം എന്നിവയ്ക്ക് സഹായം നൽകുന്നതിനുമായി രൂപീകരിച്ച ജയിൽ ഉപദേശക സമിതി രാജ്യത്തിന് മാതൃകയാണ്. ജയിൽ അന്തേവാസികളുടെ സംശുദ്ധീകരണത്തിനും സന്മാർഗീകരണത്തിനുമൊപ്പം ശിക്ഷ കഴിയുന്നവർക്ക് മെച്ചപ്പെട്ട ജീവിത സാഹചര്യം ലഭിക്കുന്നതിനുള്ള തൊഴിൽ പരിശീലനങ്ങളും വിദ്യാഭ്യാസ പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്. അന്തേവാസികളുടെ മാനസിക ചികിത്സാ സൗകര്യങ്ങളും കൗൺസലിങ് സേവനങ്ങളും കാലോചിതവും സമഗ്രവുമാക്കുകയും വിദ്യാഭ്യാസത്തിനും തൊഴിൽ പരിശീലനത്തിനുമുള്ള സാഹചര്യങ്ങൾ വിപുലമാക്കാനുള്ള തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. പുരോഗമനോന്മുഖമായ സമൂഹത്തിന് ചേരുംവിധം ജയിലുകളുടെ പ്രവർത്തനം പരിഷ്കരിക്കുന്നതിൽ അതീവ ശ്രദ്ധയാണ് നൽകിവരുന്നത്. ഫയർഫോഴ്സിനെ ആധുനികവൽക്കരിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നതോടൊപ്പം വനിതാ സ്കൂബാ ടീമിനെയും സജ്ജമാക്കിയിട്ടുണ്ട്. തിരുവനന്തപുരം സെൻട്രൽ പ്രസ്സും മണ്ണന്തല ഗവൺമെന്റ് പ്രസ്സും ആധുനികവൽക്കരിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ആധുനിക ഡിജിറ്റൽ കമ്മ്യൂണിക്കേഷൻ, എ.ഐ., നെറ്റ്‌വർക്ക് സാങ്കേതികവിദ്യകളുടെ സാധ്യത എന്നിവ പ്രയോജനപ്പെടുത്തി

വിവര പൊതുജന സമ്പർക്ക വകുപ്പിന്റെ പ്രവർത്തനങ്ങൾ വിപുലവും ശക്തവുമാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. വിവിധ തരത്തിലുള്ള പ്രകൃതി ദുരന്തങ്ങളെ നേരിടുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിച്ചുവരികയാണ്. പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മുന്നറിയിപ്പ് നൽകുന്ന KaWaCHaM (Kerala Warnings Crisis and Hazards Management System)-ത്തിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ദുരന്തനിവാരണ പദ്ധതി സമഗ്രമായി പരിഷ്കരിക്കുന്നതിനും പൊതുജനങ്ങളിൽ അവബോധം വർധിപ്പിക്കുന്നതിനും ബോധവൽക്കരണ പരിശീലന പരിപാടി നടത്തിവരികയാണ്. അടുത്ത സാമ്പത്തിക വർഷം വകുപ്പുതല ദുരന്തനിവാരണ പദ്ധതികൾ 26 വകുപ്പുകളിൽ പൂർത്തിയാക്കും. വിവിധ വകുപ്പുകളിൽ ദുരന്തനിവാരണത്തിനായി വെർച്വൽ കേഡർ സൃഷ്ടിക്കുന്നതോടൊപ്പംതന്നെ ആവശ്യമായ പരിശീലനവും നൽകുന്നതാണ്. സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ സ്കൂൾ ദുരന്ത നിവാരണ പദ്ധതി ഈ വർഷം പൂർത്തീകരിക്കും. മെഡിക്കൽ കോളേജ് മുതൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ വരെയുള്ള ആശുപത്രികളിൽ ആശുപത്രി ദുരന്തനിവാരണ പദ്ധതി തയ്യാറാക്കും. ദുരന്തനിവാരണ സാക്ഷരതാ യജ്ഞത്തിന്റെ ഭാഗമായി കുടുംബശ്രീയുമായി സഹകരിച്ച് അയൽക്കൂട്ടങ്ങൾക്ക് പരിശീലനം നൽകാനും

ആപത് മിത്ര, സിവിൽ ഡിഫൻസ്, സന്നദ്ധസേന പദ്ധതികളുടെ പ്രവർത്തനം വിപുലീകരിക്കാനും നടപടി സ്വീകരിക്കും. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയും സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയും വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയും പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയും 26-നെതിരെ 73 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 4.31-ന് പിരിഞ്ഞു.

******